ബിൽ നമ്പർ 193

# 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഈ ആക്റ്റിലെ 2-ഉം 3-ഉം വകുപ്പുകൾ 2010 ജൂൺ 14-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വകുപ്പുകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 69-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 69-ാം വകുപ്പ് (2)-ാം ഉപവകുപ്പിനു ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“ (2എ) വാർഡ് വിഭജനവും അവയുടെ അതിർത്തി നിർണ്ണയവും സംബന്ധിച്ച് ഈ വകുപ്പിൻകീഴിൽ ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിച്ച ഏതൊരു ഉത്തരവും ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതിന് നിയമപ്രാബല്യമുണ്ടായിരിക്കുന്നതുമാണ്”.

3. 86-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 86-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ നിലവിലുള്ള വിശദീകരണം, “വിശദീകരണം 1” ആയി അക്കമിടേണ്ടതും

അപ്രകാരം അക്കമിട്ട വിശദീകരണം 1-നുശേഷം താഴെ പറയുന്ന വിശദീകരണം ചേർക്കേണ്ടതുമാണ്, അതായത്:—

"വിശദീകരണം 2.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി അംഗനവാടി ജീവനക്കാരും ബാലവാടി ജീവനക്കാരും ഒഴികെയുള്ള പാർട്ട് ടൈം ജീവനക്കാരും ഓണറേറിയം കൈപ്പറ്റുന്നവരും ജീവനക്കാരായി കരുതപ്പെടേണ്ടതാണ്".

4. 407-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 407-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "1999 ഒക്ടോബർ 15-ാം തീയതിയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം "2012 ഒക്ടോബർ 31-ാം തീയതിയോ" എന്ന വാക്കുകളും അക്കങ്ങളും ചേർക്കേണ്ടതാണ്.

5. സാധൂകരണം.—(1) 2011-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസിന് (2011-ലെ 35) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യം ഇല്ലാതായിത്തീർന്നിരുന്നുവെന്നാൽ തന്നെയും,—

(എ) പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ കാര്യങ്ങളും, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ നടപടികളും സാധുവായി കരുതപ്പെടേണ്ടതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും;

(ബി) പ്രസ്തുത ഓർഡിനൻസിന്റെ 4-ാം വകുപ്പ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ 86-ാം വകുപ്പിന്റെ വിശദീകരണം 2 പ്രകാരം അംഗനവാടി ജീവനക്കാരുടെയും ബാലവാടി ജീവനക്കാരുടെയും കാര്യത്തിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഒഴികെ, പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി അവസാനിച്ചശേഷവും ഈ ആക്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതിക്കു മുൻപും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്നപോലെ, ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായി കരുതപ്പെടേണ്ടതും;

ആകുന്നു.

(2) പ്രസ്തുത ഓർഡിനൻസ് പ്രകാരം പ്രധാന ആക്റ്റിലെ 86-ാം വകുപ്പ് ഭേദഗതി ചെയ്യപ്പെട്ട രീതിയിൽ നിലവിലുണ്ടായിരുന്നു എന്നിരിക്കിലും, അപ്രകാരം ഭേദഗതി ചെയ്യപ്പെട്ടിരുന്ന പ്രസ്തുത വകുപ്പിലെ വ്യവസ്ഥകൾ അംഗനവാടി

ജീവനക്കാരെയും ബാലവാടി ജീവനക്കാരെയും സംബന്ധിച്ചിടത്തോളം അവർ പ്രസ്തുത ഓർഡിനൻസ് നിലനിന്നിരുന്ന കാലയളവിൽ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് ജോലി രാജിവച്ചിരുന്നാൽ തന്നെയും യഥാക്രമം അവർ ജോലി ചെയ്തിരുന്ന തസ്തികകളിൽ തുടരുന്നതിന് തടസ്സമായിത്തീരുന്നതല്ലാത്തതും പ്രസ്തുത ഓർഡിനൻസ് നിലനിന്നിരുന്ന കാലയളവിലെ അവരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ ബാധകമായിരിക്കുന്നതുമാണ്.

(3) പ്രസ്തുത ഓർഡിനൻസ് പ്രാബല്യത്തിലില്ലാതായിത്തീർന്നത്,—

(എ) അതിലെ വ്യവസ്ഥകൾ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ആർജ്ജിച്ച ഏതെങ്കിലും അവകാശത്തെയോ ബാധ്യതയെയോ അധികാരത്തെയോ ബാധിക്കുന്നതല്ലാത്തതും;

(ബി) മേൽ പ്രസ്താവിച്ച പ്രകാരമുള്ള ഏതെങ്കിലും അവകാശത്തെയോ ബാദ്ധ്യതയെയോ അധികാരത്തെയോ അധികാരവിനിയോഗത്തെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടികളെയോ അല്ലെങ്കിൽ പരിഹാര നടപടികളെയോ ബാധിക്കുന്ന തല്ലാത്തതും അങ്ങനെയുള്ള ഏതൊരു നടപടിയോ പരിഹാരനടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധ മല്ലാത്തിടത്തോളം അങ്ങനെ ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ആരംഭിക്കുന്നതിനെയോ, തുടരുന്നതിനെയോ അല്ലെങ്കിൽ നടപ്പാക്കുന്ന തിനെയോ ബാധിക്കുന്നതല്ലാത്തതും;

ആകുന്നു.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 69-ാം വകുപ്പ് അനുസരിച്ച് ഡീലിമിറ്റേഷൻ കമ്മീഷൻ വാർഡ് വിഭജനവും അവയുടെ അതിർത്തി നിർണ്ണയവും സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഏതൊരു ഉത്തരവും ഗസറ്റിൽ പ്രസിദ്ധീകരിക്കണമെന്നും അതിന് നിയമപ്രാബല്യമുണ്ടായിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നതിനുവേണ്ടി പ്രസ്തുത ആക്റ്റിന്റെ 69-ാം വകുപ്പ് ഭേദഗതി ചെയ്യാനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് അയോഗ്യത കല്പിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ കൂട്ടത്തിൽ പാർട്ട് ടൈം ജീവനക്കാരെയും ഓണറേറിയം പറ്റുന്നവരേയും കൂടി ഉൾപ്പെടുത്തുന്നതിനുവേണ്ടി പ്രസ്തുത ആക്റ്റിന്റെ 86-ാം വകുപ്പ് ഭേദഗതി ചെയ്യാനും 1999 ഒക്ടോബർ 15-ാം തീയതിക്കുശേഷം അനധികൃതമായി നടത്തിയിട്ടുള്ള കെട്ടിട നിർമ്മാണങ്ങളെ ക്രമവൽക്കരിച്ചു നൽകാത്തതു കാരണം ഉണ്ടാകുന്ന നികുതി നഷ്ടം ഒഴിവാക്കുന്നതിനായി 2008 ഡിസംബർ 31-ാം തീയതി വരെ നടത്തിയിട്ടുള്ള അനധികൃത കെട്ടിട നിർമ്മാണങ്ങൾ നിബന്ധനകൾക്കു വിധേയമായി ക്രമവൽക്കരിക്കുന്നതിനു വേണ്ടി ആക്റ്റിന്റെ 407-ാം വകുപ്പ് ഭേദഗതി ചെയ്യാനും സർക്കാർ തീരുമാനിച്ചു.

2. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2010-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 26) 2010 ജൂൺ 12-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 ജൂൺ 14-ാം തീയതിയിലെ 1339-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 361-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തിയെങ്കിലും ആയത് 2010 ജൂൺ 28-ാം തീയതി ആരംഭിച്ച് 2010 ജൂലൈ 29-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

4. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2010-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 32) 2010 ആഗസ്റ്റ് 8-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 ആഗസ്റ്റ് 8-ാം തീയതിയിലെ 1813-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 375-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തിയെങ്കിലും ആയത് 2010 ഡിസംബർ 21-ാം തീയതി ആരംഭിച്ച് 2011 ജനുവരി 3-ാം തീയതി അവസാനിച്ച അതിന്റെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

6. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2011-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് 2011 ജനുവരി 22-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 11-ാം നമ്പർ ഓർഡിനൻസായി 2011 ജനുവരി 23-ാം തീയതിയിലെ 162-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 12-ാം കേരള നിയമസഭയുടെ 420-ാം നമ്പർ ബില്ലായി പ്രസിദ്ധപ്പെടുത്തിയെങ്കിലും ആയത് 2011 ജനുവരി 4-ാം തീയതി ആരംഭിച്ച് 2011 ഫെബ്രുവരി 24-ാം തീയതി അവസാനിച്ച അതിന്റെ സമ്മേളനത്തിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ സാധിച്ചില്ല.

8. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2011-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് 2011 മാർച്ച് 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011-ലെ 35-ാം നമ്പർ ഓർഡിനൻസായി 2011 മാർച്ച് 18-ാം തീയതിയിലെ 657-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

9. ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം വിളംബരപ്പെടുത്തിയ ഒരു ഓർഡിനൻസിന്റെ കാലാവധി നിയമനിർമ്മാണമണ്ഡലത്തിന്റെ പുനഃസമ്മേളനം മുതൽ ആറ് ആഴ്ച കഴിയുമ്പോൾ അവസാനിക്കുന്നതാണ്. അപ്രകാരം, പ്രസ്തുത ഓർഡിനൻസിന്റെ കാലാവധി 2011 ജൂലൈ 13-ാം തീയതി അവസാനിച്ചു. പ്രസ്തുത ഓർഡിനൻസ് പ്രകാരമുള്ള പ്രധാന ആക്റ്റിലെ 69-ാം വകുപ്പിന്റെ ഭേദഗതിയിൽ അംഗനവാടി ജീവനക്കാരും ബാലവാടി ജീവനക്കാരും ഒഴികെയുള്ള പാർട്ട്ടൈം ജീവനക്കാരെയും ഓണറേറിയം കൈപ്പറ്റുന്നവരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് അയോഗ്യത കല്പിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നതിനും 407-ാം വകുപ്പ് പ്രകാരം അനധികൃതമായി നടത്തിയിട്ടുള്ള കെട്ടിട നിർമ്മാണങ്ങളെ ക്രമവൽക്കരിക്കുന്നതിനുള്ള തീയതി 2012 ഒക്ടോബർ 31-ാം തീയതിവരെ ദീർഘിപ്പിക്കുന്നതിനും സർക്കാർ തീരുമാനിച്ചു.

10. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ മേൽപ്പറഞ്ഞ മാറ്റങ്ങളോടെ വീണ്ടും പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

മഞ്ഞളാംകുഴി അലി.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** **

69. തിരഞ്ഞെടുപ്പിനുവേണ്ടി മുനിസിപ്പാലിറ്റികളെ വാർഡുകളായി വിഭജിക്കൽ, സംവരണം മുതലായവ.—(1) മുനിസിപ്പാലിറ്റികളിലേക്ക് കൗൺസിലർമാരെ തിരഞ്ഞെടുക്കുന്നതിന്റെ ആവശ്യത്തിലേക്കായി സർക്കാർ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ 10-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം രൂപീകരിച്ച ഡീലിമിറ്റേഷൻ കമ്മീഷൻ, ആക്ഷേപങ്ങളും അഭിപ്രായങ്ങളും എന്തെങ്കിലുമുണ്ടെങ്കിൽ അവ ക്ഷണിച്ചുകൊണ്ട് നിർദ്ദേശങ്ങൾ മുൻകൂട്ടി പ്രസിദ്ധീകരിച്ചതിനുശേഷവും അവ പരിഗണിച്ചതിനുശേഷവും മുനിസിപ്പാലിറ്റികളെ, 6-ാം വകുപ്പിൻകീഴിൽ വിജ്ഞാപനം ചെയ്ത സ്ഥാനങ്ങളുടെ എണ്ണം എത്രയാണോ അത്രയും എണ്ണം വാർഡുകളായി വിഭജിക്കേണ്ടതും അവയുടെ അതിർത്തികൾ നിർണ്ണയിക്കേണ്ടതുമാണ്:

എന്നാൽ ഒരു മുനിസിപ്പാലിറ്റിയിലെ ഓരോ വാർഡിലെയും ജനസംഖ്യ, പ്രായോഗികമായിരിക്കുന്നിടത്തോളം, തുല്യമായിരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പ്രസിദ്ധീകരിച്ച നിർദ്ദേശങ്ങളുടെയും പുറപ്പെടുവിച്ച അന്തിമ ഉത്തരവുകളുടെയും പകർപ്പുകൾ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ ആഫീസിലും ബന്ധപ്പെട്ട മുനിസിപ്പൽ പ്രദേശത്തിനുള്ളിൽ എല്ലാവർക്കും കാണത്തക്ക വിധത്തിലുള്ള സ്ഥലങ്ങളിലും പതിച്ചുകൊണ്ട് പ്രസിദ്ധീകരിക്കേണ്ടതാണ്. അങ്ങനെ പ്രസിദ്ധീകരിച്ച വസ്തുത ഗസറ്റിലും ബന്ധപ്പെട്ട മുനിസിപ്പൽ പ്രദേശത്ത് വ്യാപകമായി പ്രചാരമുള്ള രണ്ട് പ്രാദേശിക വർത്തമാനപത്രങ്ങളിലും പ്രസിദ്ധീകരിക്കേണ്ടതാണ്.

(3) ഓരോ വാർഡിനും ഒരു കൗൺസിലറെ മാത്രം തിരഞ്ഞെടുക്കേണ്ടതും തിരഞ്ഞെടുപ്പ് രഹസ്യ ബാലറ്റ് മുഖേന ആയിരിക്കേണ്ടതുമാണ്.

** ** **

86. സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മുതലായവയിലെ ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും അയോഗ്യത.—(1) സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെയോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനമോ ഉടമസ്ഥത വഹിക്കുന്നതോ നിയന്ത്രിക്കുന്നതോ ആയ ഒരു കോർപ്പറേഷനിലെയോ അല്ലെങ്കിൽ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനോ അൻപത്തിഒന്നു ശതമാനത്തിൽ കുറയാതെ ഓഹരി ഉള്ള ഏതെങ്കിലും കമ്പനിയിലെയോ സംസ്ഥാന നിയമപ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ബോർഡുകളിലെയോ ഏതെങ്കിലും സർവ്വകലാശാലയിലേയോ യാതൊരു ഉദ്യോഗസ്ഥനും ജീവനക്കാരനും ഒരു മുനിസിപ്പാലിറ്റിയിലെ കൗൺസിലറായി തിരഞ്ഞെടുക്കപ്പെടുന്നതിനോ ഉദ്യോഗം വഹിക്കുന്നതിനോ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി കമ്പനി എന്നാൽ 1956-ലെ കമ്പനി ആക്റ്റ് (1956-ലെ 1-ാം കേന്ദ്ര ആക്റ്റ്) 617-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു ഗവൺമെന്റ് കമ്പനി എന്നർത്ഥമാകുന്നതും 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്റ്റ് (1969-ലെ 21) പ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതുന്നതോ ആയ സഹകരണ സംഘവും ഉൾപ്പെടുന്നതുമാകുന്നു.

** ** **

407. അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരിക്കുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും 1999 ഒക്ടോബർ 15-ാം തീയതിയോ അതിനുമുമ്പോ ഏതെങ്കിലും വ്യക്തിയോ സ്ഥാപനമോ അനധികൃതമായി ഏതെങ്കിലും വികസനമോ കെട്ടിടനിർമ്മാണമോ നടത്തിയിട്ടുണ്ടെങ്കിൽ സർക്കാരിന് ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം, നിർണ്ണയിക്കപ്പെട്ടപ്രകാരം രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് അപ്രകാരമുള്ള ഭൂവികസനമോ കെട്ടിട നിർമ്മാണമോ ക്രമവൽക്കരിക്കാവുന്നതാണ്:

എന്നാൽ, അപ്രകാരമുള്ള ക്രമവൽക്കരണം നിലവിലുള്ള ടൗൺ പ്ലാനിംഗ് ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും നഗരാസൂത്രണ പദ്ധതിയേയോ മാസ്റ്റർ പ്ലാനിനേയോ ദോഷകരമായി ബാധിക്കുവാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, ഈ ആക്റ്റിലോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ സംവിധാനങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് നടത്തിയിട്ടുള്ള യാതൊരു കെട്ടിട നിർമ്മാണവും ക്രമവൽക്കരിക്കുവാൻ പാടില്ലാത്തതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ക്രമവൽക്കരണത്തിനുവേണ്ടി നിർണ്ണയിക്കപ്പെട്ട സമയത്തിനുള്ളിലും രീതിയിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്:

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിന്, അനധികൃതമായ നിർമ്മാണം എന്നാൽ ഈ ആക്റ്റിലെ 406-ാം വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കുവാൻ അധികാരമില്ലാത്ത ഏതെങ്കിലും നിർമ്മാണമോ അല്ലെങ്കിൽ ഈ ആക്റ്റിലേയോ അതിൻ കീഴിലുണ്ടാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്കോ അംഗീകൃത പ്ലാനിനോ വിരുദ്ധമായി നിർമ്മിച്ചതോ പുനർ നിർമ്മിച്ചതോ അല്ലെങ്കിൽ സർക്കാർ അനുവദിച്ച ഏതെങ്കിലും ഒഴിവാക്കൽ ഉത്തരവിൽ നിന്നോ അതിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും നിബന്ധനകളിൽ നിന്നോ വ്യതിചലിച്ചുകൊണ്ട് നടത്തിയതോ ആയ ഏതെങ്കിലും നിർമ്മാണം എന്നർത്ഥമാകുന്നു.